മൂസക്കുട്ടി വെട്ടിക്കാട്ടിരി

## പ്രായമായവര്‍ക്കുമുണ്ട് ഒരു 'ദിനം'



**പ്രായമായവരെ** വീടിന്റെ ഐശ്വര്യമായി കണ്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. മുസ്‌ലിംകളുടെ കാര്യമാണെങ്കില്‍ ഖുര്‍ആനില്‍ അല്ലാഹുവിനുള്ള ഇബാദത്ത് കഴിഞ്ഞാലുടന്‍ അടുത്ത ഉദ്‌ബോധനം മാതാപിതാക്കളോടുള്ള കടമയെക്കുറിച്ചാണ്. അതില്‍തന്നെ വയസ്സായവരോട് സ്വീകരിക്കേണ്ട നിലപാട് വേറെതന്നെ പറഞ്ഞിട്ടുണ്ട്. ഇത് ഓര്‍ക്കാന്‍ കാരണം ബഹ്‌റൈനില്‍ 'പ്രായം ചെന്നവരെ സംരക്ഷിക്കേണ്ട' ആവശ്യകതയെക്കുറിച്ച് ഒരു അന്താരാഷ്ട്ര സമ്മേളനത്തില്‍ ചര്‍ച്ച നടന്നതാണ്.


മുഖ്യമായും ഗള്‍ഫ് നാടുകളില്‍ വൃദ്ധരായവര്‍ക്ക് സാമൂഹിക സംരക്ഷണം ലഭ്യമാക്കുന്നതിനെക്കുറിച്ചും ആഗോളീകരണ കാലത്ത് വൃദ്ധ സമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികളെക്കുറിച്ചുമാണ് ചര്‍ച്ച നടന്നത്. വൃദ്ധരായ സ്ത്രീകള്‍ക്കും പുരുഷന്‍മാര്‍ക്കും ലഭിക്കേണ്ട നിയമ പരിരക്ഷയും അന്താരാഷ്ട്ര തലത്തില്‍ ഇക്കൂട്ടരെ പോറ്റുന്നതിലുള്ള വിവിധ നാടുകളിലെ അനുഭവങ്ങളുമെല്ലാം ചര്‍ച്ചയും ഗവേഷണ പ്രബന്ധങ്ങളുമായി അവതരിപ്പിക്കപ്പെട്ടു. സമൂഹത്തിലെ എല്ലാവര്‍ക്കും ഒരു 'ദിന'മുണ്ടായത് നന്നായെന്ന് തോന്നുക ഇത്തരം സന്ദര്‍ഭങ്ങളിലാണ്.

## ഈജിപ്തില്‍ മൊസാദ് ചാരവലയം



**ഈജിപ്തില്‍** ഇസ്രയേലിനുവേണ്ടി ചാരപ്പണി നടത്തിക്കൊണ്ടിരുന്ന ഈജിപ്തുകാരും ഫലസ്ത്വീനികളുമടങ്ങുന്ന സംഘം ഈജിപ്ഷ്യന്‍ സുരക്ഷാസേനയുടെ പിടിയിലായി. സീനായിലുള്ള ചാര സങ്കേതം കണ്ടെത്തിയാണ് ഇവരെ പിടികൂടിയത്. സീനായിലെ ഈജിപ്ഷ്യന്‍ സൈനിക നീക്കം അപ്പപ്പോള്‍ ഇസ്രയേലിനെ അറിയിച്ചുകൊണ്ടിരിക്കുകയായിരുന്നു ചാരന്മാരുടെ ദൗത്യം. അതിനുവേണ്ട അത്യാധുനിക സാങ്കേതികവിദ്യയും ചാര സംഘത്തിന് നല്‍കിയിരുന്നതായി *അല്‍മിസ്‌രിയ്യൂന്‍* പത്രം റിപ്പോര്‍ട്ട് ചെയ്തു. ഹുസ്‌നി മുബാറക് കാലത്തെ ഈജിപ്തില്‍ ഇസ്രയേലിന് ചാരവല വിരിക്കേണ്ട ഗതികേടുണ്ടായിരുന്നില്ല. അത്രമാത്രം ചങ്ങാത്തത്തിലായിരുന്നു മൊസാദും ഹുസ്‌നിയുമെന്നാണ് 'ശത്രുക്കള്‍' പറഞ്ഞിരുന്നത്. 'അറബ് വസന്തം' ചിത്രം മാറ്റിവരച്ചാലും ഇസ്രയേലിന് അടങ്ങിയിരിക്കാനാവില്ലല്ലോ. അങ്ങനെയാണ് ചാരപ്പണിക്ക് തദ്ദേശീയരെയും അയല്‍നാട്ടുകാരായ ഫലസ്ത്വീനികളെയും ചുമതലപ്പെടുത്തിയത്.

## ബായേണ്‍ മ്യൂണിച്ച് ക്ലബ്ബിലെ മുസ്‌ലിം കളിക്കാര്‍ക്ക് ഇനി ഗ്രൗണ്ടില്‍ നമസ്‌കരിക്കാം



**ജര്‍മനിയിലെ** Allianz Arena ഫുട്ബാള്‍ ഗ്രൗണ്ടില്‍ മുസ്‌ലിം കളിക്കാര്‍ക്ക് നമസ്‌കരിക്കാന്‍ സ്ഥലം ഒരുക്കി സ്‌പോര്‍ട്‌സ് രംഗത്ത് പുതിയ മാതൃക കാണിക്കുകയാണ് ബായേണ്‍ മ്യൂണിച്ച് (Bayern Munich) ക്ലബ്ബ്. വെറും 'മുസ്വല്ല'യല്ല, മറിച്ച് സാംസ്‌കാരിക കേന്ദ്രമടക്കമുള്ള മസ്ജിദ് തന്നെ. ബായേണ്‍ മ്യൂണിച്ച് ക്ലബ്ബിലെ മുസ്‌ലിം സ്‌ട്രൈക്കര്‍ ബിലാല്‍ റിബേരി നല്‍കിയ അപേക്ഷ പരിഗണിച്ചാണ് ഗ്രൗണ്ടിനോടനുബന്ധിച്ച് സമ്പൂര്‍ണ നമസ്‌കാരപ്പള്ളി പണിയാന്‍ ക്ലബ്ബ് ഭാരവാഹികള്‍ അനുമതി നല്‍കിയത്. പള്ളിയോടനുബന്ധിച്ച് ഇസ്‌ലാമിക ഗ്രന്ഥാലയവും സാംസ്‌കാരിക കേന്ദ്രവും ഒരുക്കും. മൊത്തം ചിലവിന്റെ 85% ക്ലബ്ബ് ഭാരവാഹികള്‍ വഹിക്കും. യൂറോപ്യന്‍ ക്ലബ്ബുകളില്‍ ഇസ്‌ലാം സ്വീകരിക്കുന്ന കളിക്കാരുടെ എണ്ണം വര്‍ധിച്ചുവരുന്നതായി മാധ്യമങ്ങള്‍ റിപ്പോര്‍ട്ട് ചെയ്തിരുന്നു. ഇത്തരത്തില്‍ പ്രശസ്തരായ അനേകം താരങ്ങള്‍ ഇപ്പോള്‍ വിവിധ യൂറോപ്യന്‍ ക്ലബ്ബുകളില്‍ കളിച്ചുവരുന്നുണ്ട്.

## മസ്ജിദിലേക്ക് 'ഇടിച്ചു കയറി' മോസ്കോ മുസ്‌ലിംകൾ



**മക്കയിലും** മദീനയിലും വിശുദ്ധ ഹറമുകളിൽ നമസ്കരിക്കുന്നതിന് ഇടം കണ്ടെത്താൻ തിക്കിത്തിരക്കുന്നത് നാം കേട്ടിട്ടും കണ്ടിട്ടുമുണ്ട്. എന്നാൽ 'സാദാ' പള്ളിയിൽ നമസ്കരിക്കാൻ തള്ളിക്കയറുന്നതോ? അതാണ് മോസ്കോയിലെ മുസ്‌ലിംകൾ ചെയ്തുകൊണ്ടിരിക്കുന്നത്. കാരണം മറ്റൊന്നുമല്ല. അവർക്ക് നമസ്കരിക്കാൻ മതിയായ പള്ളികൾ അനുവദിക്കാൻ കമ്യൂണിസത്തിന്റെ സത്ത ചോർന്നു പോയാലും അതിന്റെ മണം മാറാത്ത റഷ്യൻ ഭരണാധികാരികൾ തയാറല്ല. അതോടൊപ്പം വർധിച്ചുവരുന്ന മുസ്‌ലിം ജനസംഖ്യ അധികാരികൾക്ക് അലോസരമുണ്ടാക്കുന്നുമുണ്ട്. മുസ്‌ലിംകളിലധികവും പുതുതായി ഇസ്‌ലാം സ്വീകരിച്ച പുതിയ തലമുറയും.

രണ്ടരക്കോടിയോളം വരുന്ന റഷ്യൻ മുസ്‌ലിംകളിൽ ഇരുപത് ലക്ഷത്തോളം തലസ്ഥാന നഗരിയായ മോസ്കോയിലാണ്. ഇവർക്കെല്ലാം കൂടി നമസ്കരിക്കാൻ മോസ്കോയിൽ ആകെയുള്ളത് 500 പേരെ മാത്രം ഉൾക്കൊള്ളുന്ന ഒരൊറ്റ പള്ളിയും. അങ്ങനെയാണ് പള്ളിയിൽ ഇടിച്ചു കയറാനുള്ള ശ്രമത്തിനിടെയുണ്ടാകുന്ന തിക്കും തിരക്കും മോസ്കോ സുരക്ഷാ സേനയുടെ ശ്രദ്ധയിൽപെട്ടത്. തുടർന്ന് തീവ്രവാദം ആരോപിച്ച് ഇസ്‌ലാമിക കേന്ദ്രങ്ങളും 'മുസ്വല്ല'കളും അടച്ചുപൂട്ടിത്തുടങ്ങി. തീവ്രവാദം വളരാൻ സഹായിക്കുന്നുവെന്നാരോപിച്ച് ഇസ്‌ലാമിക ഗ്രന്ഥങ്ങൾ നിരോധിച്ചു.

നിരോധിച്ച കൂട്ടത്തിൽ സാദാ ഹദീഥ് ഗ്രന്ഥമായ ഇമാം നവവിയുടെ 'രിയാദുസ്സ്വാലിഹീനു'ം പെടും. ക്രിസ്തുമത വിശ്വാസികൾക്കും മറ്റും യഥേഷ്ടം ആരാധനാലയങ്ങൾ അനുവദിക്കുമ്പോൾ മുസ്‌ലിംകളോട് മാത്രം ഭരണകൂടം ശത്രുത പുലർത്തുന്നുവെന്നാണ് മുസ്‌ലിം നേതാക്കളുടെ പരാതി.

## പ്രവാചക ജീവിതം കോർത്തിണക്കി ഇസ്തംബൂളിൽ മ്യൂസിയം

**പ്രവാചക** ജീവിതത്തെ ആസ്പദമാക്കിയുള്ള കഥാ കഥനങ്ങളും ചരിത്ര-സാഹിത്യാവിഷ്കാരങ്ങളും നിരവധിയാണ്. എന്നാൽ ഇസ്തംബൂളിൽ ഒരുങ്ങുന്നത് പ്രവാചക ജീവിതം കോറിയിട്ട സമ്പൂർണ മ്യൂസിയം. ഇത്തരത്തിൽ ലോകത്തെ ഏറ്റവും വലിയ സംരംഭമാണിതെന്നാണ് അധികൃതരുടെ അവകാശവാദം. 2016 ഓടെ മ്യൂസിയം പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുമെന്ന് തുർക്കി ഇസ്‌ലാമിക് റിസർച്ച് വിഭാഗം മേധാവി ഓഗോഹാൻ യാഫൂസ് പറഞ്ഞു.

ഇസ്‌ലാമിക പൈതൃകവുമായി ബന്ധപ്പെട്ട ഉസ്മാനിയ കാലഘട്ടത്തെ പുരാതന ചരിത്ര ശേഖരങ്ങളും മറ്റും മ്യൂസിയത്തിന്റെ ഭാഗമായി പ്രത്യേകം തയാറായിട്ടുണ്ട്. ഇസ്‌ലാമിക കലാചാരുത തുളുമ്പുന്നതാണ് മ്യൂസിയത്തിന്റെ ഡിസൈനെന്നും യാഫൂസ് പറഞ്ഞു. ഇസ്തംബൂളിലെത്തുന്ന ആയിരക്കണക്കിന് ടൂറിസ്റ്റുകൾക്ക് 2016 ഓടെ പ്രവാചക ജീവിതം തൊട്ടറിയാൻ മ്യൂസിയം ഉപകരിക്കും.



## ഹറമുകളിൽ ദീനീ ദർസുകൾക്ക് പ്രിയമേറുന്നു



**മക്കയിലെയും** മദീനയിലെയും വിശുദ്ധ ഹറമുകളിൽ പ്രത്യേകം തയാറാക്കിയ ഭാഗങ്ങളിൽ ഇസ്‌ലാമിക പഠനങ്ങൾ നടന്നുവരുന്നുണ്ട്. ഇരു ഹറം കാര്യാലയ ഉന്നത സമിതിയുടെ അനുമതിയോടെയാണ് ഇത്തരം ക്ലാസുകൾ നടക്കുന്നത്. ഖുർആൻ, ഹദീസ് പഠനങ്ങളും കർമശാസ്ത്ര വിഷയങ്ങളുമാണ് കൂടുതലായും ഇത്തരം ക്ലാസുകളിൽ നടക്കുക. ഹജ്ജും ഉംറയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സംശയ നിവാരണവും ഇത്തരം ദീനീ ദർസുകളിൽ നടക്കും. ഹറമുകളുമായി ബന്ധപ്പെട്ട സവിശേഷതകളും ചരിത്രങ്ങളുമെല്ലാം നിറഞ്ഞ ക്ലാസുകൾ സദസ്സ് സശ്രദ്ധം കേട്ടിരിക്കും. അറബിയിലാണ് മുഖ്യമായും ക്ലാസുകൾ നടക്കുന്നതെങ്കിലും ഉർദു, ഇംഗ്ലീഷ്, തുർക്കി തുടങ്ങി വിവിധ ലോകഭാഷകളിൽ ക്ലാസുകൾ നടന്നുവരുന്നുണ്ട്.

## ഇസ്രയേലിന്റെ ജബൽ ഖാസിയോൻ ബോംബ് വർഷം

**ഇസ്രയേൽ** സിറിയൻ തലസ്ഥാനമായ ഡമസ്‌ക്കസിനടുത്തുള്ള ജബൽ ഖാസിയോനിൽ (Mount Qasioun) ബോംബ് വർഷിച്ചതെന്തിനെന്ന് അറബ്-അന്താരാഷ്ട്ര മീഡിയയിൽ വലിയ ചർച്ചയായിരുന്നു. Mount Qasioun അഗ്നി ഗോളമായി നിന്നുകത്തുന്ന ഭീകര ചിത്രം സോഷ്യൽ മീഡിയയാണ് ലോകത്താകെ എത്തിച്ചത്. ആക്രമണത്തിലുണ്ടായ നാശ നഷ്ടങ്ങൾപോലും കണക്കാക്കപ്പെട്ടിട്ടില്ല. ആയുധ ശേഖരങ്ങളുടെ അറകളായിരുന്നു ഈ മല. സിറിയൻ ജനതയുടെ സമ്പത്ത് കൊണ്ട് അസദുമാർ (പിതാവും മകനും) വാങ്ങിക്കൂട്ടിയ ആയുധങ്ങൾ, വിറ്റവർ തന്നെ നശിപ്പിക്കുന്നുവെന്ന രസതന്ത്രം മാത്രമല്ല ഇതിന്റെ പിന്നിലെന്നാണ് നിരീക്ഷക മതം.

യാതൊരു പ്രകോപനവുമില്ലാതെ ഇസ്രയേൽ നടത്തിയ ഖാസിയോൻ ബോംബ് വർഷത്തിന് പല കാരണങ്ങളുമുണ്ടെങ്കിലും ആയുധം തങ്ങൾക്കിഷ്ടമില്ലാത്തവരുടെ കരങ്ങളിൽ എത്തിപ്പെടുമെന്ന ഭീതി തന്നെയാണ് പ്രധാനമെന്നാണ് നിരീക്ഷകർ വിലയിരുത്തുന്നത്. അസദുമാർക്ക് ഇക്കാലമത്രയും ആയുധങ്ങൾ അലങ്കാരം മാത്രമായിരുന്നുവെന്ന് ഇസ്രയേലിനറിയാം. ഏറിയാൽ സ്വന്തം ജനത ഉയർത്തുന്ന



പ്രതിപക്ഷ ശബ്ദങ്ങളെ ഒതുക്കാൻ പ്രയോഗിക്കും. എന്നാൽ സ്വതന്ത്രസേനയുടെ ഭാഗമായ 'ഇസ്‌ലാമിസ്റ്റുകൾ' ഭീകര രാഷ്ട്രത്തിന്റെ ഉറക്കം കെടുത്തിത്തുടങ്ങിയിട്ടുണ്ട്.